സോളിഡാരിറ്റി വയനാട് ജില്ലാ സമ്മേളനം

# തിന്മക്കെതിരായ യുവജനപോരാട്ടം ശക്തിപ്പെടുത്തണം: അമീര്‍

**പനമരം:** സമൂഹത്തിലെ തിന്മകള്‍ക്കെതിരായ യുവജനപോരാട്ടം ശക്തിപ്പെടുത്തണമെന്നും നന്മയും നീതിയും നിലനിര്‍ത്താനായി അണിചേരണമെന്നും ജമാഅത്തെ ഇസ്‌ലാമി കേരള അമീര്‍ ടി. ആരിഫലി ആഹ്വാനം ചെയ്തു. 'നീതിക്ക് നിലനില്‍പിന് യുവതയുടെ സമരസാക്ഷ്യം' എന്ന പ്രമേയവുമായി സോളിഡാരിറ്റി പനമരത്ത് സംഘടിപ്പിച്ച വയനാട് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആദര്‍ശസമൂഹത്തിന്റെ പ്രബോധകരാവാന്‍ അദ്ദേഹം ഉദ്ബോധിപ്പിച്ചു. മാനവികതയിലും ആദര്‍ശങ്ങളിലും ഊന്നി പോരാട്ടം നടത്തുന്ന പ്രതിരോധ പ്രസ്ഥാനമാണ് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്. പിറവികൊണ്ട് നാലു വര്‍ഷം പൂര്‍ത്തിയാകും മുമ്പേ സോളിഡാരിറ്റി കേരളീയ സമൂഹത്തില്‍ വലിയ ചലനങ്ങള്‍ സൃഷ്ടിച്ചു. സമൂഹത്തിന്റെ പ്രതീക്ഷയായി അത് വളര്‍ന്നു കഴിഞ്ഞു. മര്‍ദിത ജനവിഭാഗങ്ങള്‍ക്കൊപ്പമാണ് സോളിഡാരിറ്റി നിലകൊള്ളുന്നത്.

പാശ്ചാത്യര്‍ നല്‍കുന്ന മൂല്യങ്ങളല്ല നമ്മുടെ മൂല്യങ്ങള്‍. സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും കുടില തന്ത്രങ്ങള്‍ക്കെതിരെ സോളിഡാരിറ്റി പോരാട്ടം തുടരും. ജനസേവന മേഖലയിലാണ് സോളിഡാരിറ്റി വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളത്. ചൂഷണത്തിനെതിരെയാണ് സമരം. പോരാട്ടത്തെ സേവനമായും സേവനത്തെ പോരാട്ടമായും കണ്ട് സോളിഡാരിറ്റി മുന്നേറുകയാണ്. അവശതയനുഭവിക്കുന്നവര്‍ക്കുവേണ്ടി പോരാടിയില്ലെങ്കില്‍ പിന്നെ വിശ്വാസം കൊണ്ട് എന്തര്‍ഥമാണുള്ളത്? - അമീര്‍ ചോദിച്ചു. വര്‍ഗീയതയെ ഫലപ്രദമായി പ്രതിരോധിക്കുന്ന പ്രസ്ഥാനമാണിത്. മാനവികതയും സൗഹൃദത്തിന്റെ മഹാപ്രളയവും കൊണ്ടാണ് വര്‍ഗീയതയെ പ്രതിരോധിക്കേണ്ടത് - അദ്ദേഹം ചൂണ്ടിക്കാട്ടി.

സാധാരണ ജനങ്ങളിലേക്കിറങ്ങിച്ചെന്ന് ലളിതമായ ഭാഷയില്‍ ലോകത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും നാളെ എന്താണ് സംഭവിക്കുകയെന്നും പറഞ്ഞുകൊടുക്കാന്‍ സോളിഡാരിറ്റി പ്രവര്‍ത്തകര്‍ ശ്രദ്ധ പുലര്‍ത്തണമെന്ന് ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര ശൂറാംഗം ടി.കെ അബ്ദുല്ല ആവശ്യപ്പെട്ടു. എല്‍.ഡി.എഫും യു.ഡി.എഫും ഒന്നിച്ച് ഭരിച്ചാലും കാര്‍ഷിക വിളകള്‍ക്ക് ന്യായവില കിട്ടാന്‍ പോകുന്നില്ല. ഇതെല്ലാം തീരുമാനിക്കുന്നത് ലോക സാമ്പത്തിക ശക്തികളാണ്. അവരില്‍നിന്ന് കമീഷന്‍ വാങ്ങുക, അഴിമതി നടത്തുക, അവര്‍ക്കുവേണ്ട ഒത്താശ ചെയ്യുക എന്നതില്‍കവിഞ്ഞ് അടിമകളും കീഴാളരുമായി മാറിയ സര്‍ക്കാരുകളില്‍നിന്ന് കൂടുതല്‍ ഒന്നും പ്രതീക്ഷിക്കാനാവില്ലെന്നും കേരളത്തിലെ കാര്‍ഷിക പ്രതിസന്ധിയെ പരാമര്‍ശിച്ച് ടി.കെ പറഞ്ഞു.

മനുഷ്യനിലെ മനുഷ്യന്‍ എന്ന ഘടകം നശിക്കുകയും ഒരുതരത്തിലുള്ള മൂല്യവും സദാചാരവും വ്യക്തിജീവിതത്തിലും സമൂഹത്തിലും നിലനില്‍ക്കാതിരിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തില്‍ മൂല്യബോധമുള്ള യുവാക്കളുടെ ഐക്യനിര ഉയര്‍ന്നുവരണമെന്ന് *മാധ്യമം* എഡിറ്റര്‍ ഒ. അബ്ദുര്‍റഹ്മാന്‍ പ്രസ്താവിച്ചു.

ഭ്രാന്തമായ വികസനത്തിന്റെ ഇരകളായ പതിനായിരക്കണക്കിന് സാധാരണ ജനങ്ങളെ അവഗണിച്ചുകൊണ്ട് വികസനത്തിന്റെ വായ്ത്താരിയുമായി സര്‍ക്കാരുകള്‍ക്ക് മുന്നോട്ടു പോകാനാവില്ല എന്ന് സമ്മേളനത്തില്‍ അധ്യക്ഷത വഹിച്ച സോളിഡാരിറ്റി സംസ്ഥാന പ്രസിഡന്റ് അബ്ദുല്‍ഹമീദ് വാണിയമ്പലം പറഞ്ഞു. കാര്‍ഷിക മേഖലയിലും വ്യാപാര മേഖലയിലുമടക്കം മുതലാളിത്ത താല്‍പര്യം സംരക്ഷിക്കാനാണ് ഇടതു-വലത് സര്‍ക്കാറുകള്‍ ശ്രമിക്കുന്നത്. ഭീകരമായ പാരിസ്ഥിതിക പ്രത്യാഘാതം സൃഷ്ടിക്കുന്ന പാത്രക്കടവ് പദ്ധതിയില്‍നിന്ന് സര്‍ക്കാര്‍ പിന്‍വാങ്ങിയില്ലെങ്കില്‍ ശക്തമായ ജനകീയ പ്രക്ഷോഭം നേരിടേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു.

സോളിഡാരിറ്റി ജനറല്‍ സെക്രട്ടറി പി. മുജീബുര്‍റഹ്മാനും പ്രസംഗിച്ചു. കെ. മുസ്ത്വഫ സ്വാഗതവും കെ. ജലീല്‍ നന്ദിയും പറഞ്ഞു. ഒ. അശ്റഫ് ഖുര്‍ആന്‍ പാഠം അവതരിപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡന്റ് വി.പി ഇസ്മാഈല്‍, വൈസ് പ്രസിഡന്റ് എന്‍.എ മുഹമ്മദ് തുടങ്ങിയവര്‍ സംബന്ധിച്ചു. മൈസൂര്‍-അരീക്കോട് 400 കെ.വി ലൈന്‍ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കര്‍ഷകരുമായും ജനപ്രതിനിധികളുമായും ചര്‍ച്ച നടത്തി നടപടികള്‍ സുതാര്യമാക്കണമെന്നും വിളനാശം നേരിടുന്ന കര്‍ഷകര്‍ക്ക് അര്‍ഹമായ നഷ്ടപരിഹാരം നല്‍കണമെന്നും സമ്മേളനം അംഗീകരിച്ച പ്രമേയം ആവശ്യപ്പെട്ടു.

പനമരം ടൗണില്‍ നടന്ന പ്രകടനത്തില്‍ എ.ഡി.ബിയുടെ ചൂഷണം, ഉദാരവത്കരണ-ആഗോളീകരണ നയങ്ങളുടെ ആപത്ത്, കുടിവെള്ള കച്ചവടം എന്നിവ വിളിച്ചോതുന്ന നിശ്ചല ദൃശ്യങ്ങളുണ്ടായിരുന്നു. ചിട്ടയോടെ നടന്ന പ്രകടനം ടൗണിന് പുത്തന്‍ അനുഭവമായി. പനമരം കരിമ്പുമ്മല്‍ പഞ്ചായത്ത് സ്റ്റേഡിയത്തില്‍നിന്ന് തുടങ്ങിയ പ്രകടനം ടൗണ്‍ ചുറ്റി പഞ്ചായത്ത് ബസ് സ്റ്റാന്റ് പരിസരത്ത് പൊതുസമ്മേളന വേദിക്ക് സമീപം സമാപിച്ചു. സോളിഡാരിറ്റി ജില്ലാ പ്രസിഡന്റ് കെ. മുസ്ത്വഫ, സെക്രട്ടറി പി.സി ശൗക്കത്ത്, സംസ്ഥാന നിര്‍വാഹക സമിതിയംഗം ടി.കെ ഫാറൂഖ്, സി.കെ സമീര്‍, ഫാറൂഖ് സലീം, കെ. ജലീല്‍, പി. നുഅ്മാന്‍, കെ. നവാസ്, പി. മുഹമ്മദ്, എം.പി അബൂബക്കര്‍ നേതൃത്വം നല്‍കി.